(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സൊസൈറ്റി എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്;

(സി) അഹാഡ്സിന്റെ പ്രവർത്തനത്തിനുവേണ്ടി കഴിഞ്ഞ മൂന്നുവർഷമായി ആകെ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തെരഞ്ഞെടുക്കപ്പെട്ട ഊരുകളിൽ മാതൃകാപരമായി ഭവനനിർമ്മാണമടക്കമുള്ള സമ്പൂർണ്ണ ഊരുവികസന പരിപാടികളോടൊപ്പം അട്ടപ്പാടിയിലെ എല്ലാ ആദിവാസി ഊരുകളിലും ഊരുഭൂമി വികസനത്തിനായുള്ള പത്തിന പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. മണ്ണുസംരക്ഷണം, കാർഷിക വനവൽക്കരണം, പാരമ്പര്യേതര ഊർജ്ജ വികസനം, അടുക്കളത്തോട്ടം, ഔഷധ സസ്യകൃഷി, പൊതുകാലിത്തൊഴുത്ത് മുതലായവ ഇതിൽപ്പെടും. ആദിവാസി ഊരുനിവാസികളെ ലക്ഷ്യമാക്കിക്കൊണ്ടുതന്നെ ആദിവാസി ഹോസ്റ്റൽ അടക്കം വിദ്യാഭ്യാസ സൗകര്യങ്ങൾ, ആശുപത്രി സൗകര്യങ്ങൾ, വരുമാനദായക പ്രവർത്തനങ്ങൾ, സാക്ഷരത/തുടർ വിദ്യാഭ്യാസ പരിപാടികൾ എന്നിവയും പദ്ധതി ഘടകങ്ങളിൽ ഉൾപ്പെടുന്നു.

(ബി) നിർദ്ദിഷ്ട പരിസ്ഥിതി പുന:സ്ഥാപന പദ്ധതിക്കുപുറമേ ജെ.ബി.ഐ.സി.-യുടെ അനുമതിയോടെ സർക്കാർ സമർപ്പിച്ച പദ്ധതി പുനർഘടനാ നിർദ്ദേശങ്ങളിൽ ഊരുനിവാസികളുടെ സാമൂഹിക വികസനത്തിനുവേണ്ടി ഭവനനിർമ്മാണം, ആരോഗ്യ പരിരക്ഷ, പാരമ്പര്യ വൈദ്യൻമാർക്കുള്ള പ്രത്യേക പാക്കേജ്, സാമൂഹികാടിസ്ഥാനത്തിലുള്ള വരുമാനദായക പ്രവർത്തനങ്ങൾ, പ്രാദേശിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മറ്റ് പാരിസ്ഥിതിക പ്രവർത്തനങ്ങൾ എന്നീ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തി വിപുലീകരിച്ചിട്ടുണ്ട്. മാമണ ഊരിൽ സമ്പൂർണ്ണ ഊരുവികസന പരിപാടി ഏകദേശം പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

(സി) അഹാർഡ്സ് 2001-2002 സാമ്പത്തിക വർഷം മുതൽ 2003-2004 സാമ്പത്തിക വർഷം വരെ ആകെ 3226.48 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ഡാദിബോർഡിന്റെ വായ്പാ കുടിശിക

213 [2706] ശ്രീ. ഇ. എം. അഗസ്തി:
,, വർക്കല കഹാർ:
,, എൻ. ഡി. അപ്പച്ചൻ:
,, ടി. എൻ. പ്രതാപൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഡാദിബോർഡ് വ്യക്തികൾക്കും സഹകരണ സംഘങ്ങൾക്കും നൽകിയ വായ്പയിൽ നിലവിൽ എന്തുതുക പിരിഞ്ഞു കിട്ടാനുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ കുടിശ്ശിക തുക എത്രയാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 67,86,16,343 രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(ബി) 62,30,62,413 രൂപയാണ് കുടിശ്ശിക.

സംസ്ഥാന ഖാദിബോർഡിനു നൽകാനുള്ള തുക

214 [2707) ശ്രീ. എ. സുജനപാൽ:

" എൻ. ശക്തൻ:

" ടി. വി. ചന്ദ്രമോഹൻ:

" ഡി. സുഗതൻ:

ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഖാദിബോർഡിന് ഗവൺമെന്റ് എന്തു തുക നൽകാനുണ്ട്;

(ബി) എന്തെല്ലാം ഇനങ്ങളിലാണ് ഈ തുക നൽകാനുള്ളതെന്ന് അറിയിക്കാമോ?

(സി) എന്നുമുതലുള്ള തുകയാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ തുക എന്നത്തേക്ക് കൊടുക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2125.86 ലക്ഷം രൂപയാണ് നൽകാനുള്ളത്.

(ബി) എസ്റ്റാബ്ലിഷ്മെന്റ്-ഗ്രാന്റ്, റിബേറ്റ്, പലിശ സബ്സിഡി എന്നീ ഇനങ്ങളിലാണ്.

(സി) പലിശ സബ്സിഡി ക്കുയിം 2001-02 വർഷം മുതൽ 2003-04 വരെയും എസ്റ്റാബ്ലിഷ്മെന്റ്-ഗ്രാന്റ് 1990-91 മുതൽ 2003-04 വരെയും റിബേറ്റ് കുടിശ്ശിക 1990-91 മുതൽ 2003-04 വരെയുമാണ് നൽകാനുള്ളത്.

(ഡി) എന്നത്തേക്ക് കൊടുക്കാൻ കഴിയുമെന്ന കാര്യം പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly